# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 319** **30/01/2014-ൽ മറുപടിയ്ക്ക്**

## മത്സ്യസമ്പത്തിന്റെ ദൗർലഭ്യം

### ചോദ്യം

**ഡോ.ടി.എം.തോമസ് ഐസക്:**
**ശ്രീ. എസ്. ശർമ്മ:**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ:**
**ശ്രീ. കെ. കെ. നാരായണൻ:**

(എ) സംസ്ഥാനത്തെ കടൽത്തീരങ്ങളിലും മറ്റ് ജലാശയങ്ങളിലും മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നത് ഗൗരവതരമായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

### മറുപടി

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) സംസ്ഥാനത്തെ സമുദ്ര മത്സ്യ ലഭ്യത ഉൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് വിദഗ്ദ്ധ സമിതി പഠന വിധേയമാക്കി വരുന്നു. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യലഭ്യത വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 3 വർഷക്കാലത്തെ കണക്കനുസരിച്ച് കേരളത്തിന്റെ ആഭ്യന്തര സമുദ്ര മത്സ്യോല്പാദനം നേരിയ തോതിൽ കുറയുന്നതായി കണക്കാക്കിയിട്ടുണ്ടെങ്കിലും മൊത്തത്തിലുള്ള ആഭ്യന്തര വിപണി/ ഉല്പാദനം കണക്കിലെടുക്കുമ്പോൾ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്ക്സ് വകുപ്പിന്റെ ജി.എസ്.ഡി.പി. കണക്ക് പ്രകാരം) വർദ്ധനവാണ് സൂചിപ്പിക്കുന്നത്.

| വർഷം | സമുദ്ര മത്സ്യലഭ്യത (ലക്ഷം മെട്രിക് ടൺ) | ഉൾനാടൻ മത്സ്യലഭ്യത (ലക്ഷം മെട്രിക് ടൺ) |
|---|---|---|
| 2010-11 | 5.60 | 1.21 |
| 2011-12 | 5.53 | 1.40 |
| 2012-13 | 5.31 | 1.49 |

| | | | |
|---|---|---|---|
| (ബി) | കടൽമത്സ്യ കയറ്റുമതിയിൽ കുറവുണ്ടായിട്ടുണ്ടോ; പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധന തൊഴിലിൽ നിന്നുള്ള ആദായം അനുദിനം കുറഞ്ഞുകൊണ്ടി രിക്കുകയാണോ? | (ബി) | കടൽ മത്സ്യ കയറ്റുമതിയിൽ കുറവുണ്ടായിട്ടില്ല. മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയിൽ (എം.പി.ഇ.ഡി.എ) നിന്നും ലഭിച്ച കണക്ക് പ്രകാരം 2011-12 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷം മത്സ്യ കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

മത്സ്യഫെഡ് വഴി അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ പരമ്പരാഗത മത്സ്യത്തൊഴി ലാളികൾ തീരദേശ ലേലം വഴി വിൽക്കുന്ന മത്സ്യത്തിന്റെ അളവ് കൂടിയിട്ടുള്ളതും മത്സ്യബന്ധന തൊഴിലിൽ നിന്നുള്ള പ്രതിശീർഷ വരുമാനം വർദ്ധിച്ചിട്ടുള്ളതു മായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ 3 വർഷത്തെ കണക്ക് ഇപ്രകാരമാണ്.

| വർഷം | ലേലം ചെയ്ത മത്സ്യത്തിന്റെ അളവ് (ടൺ) | പ്രതിശീർഷ വരുമാനം |
|---|---|---|
| 2010-11 | 91739 | 47101 രൂപ |
| 2011-12 | 97956 | 59567 രൂപ |
| 2012-13 | 108786 | 73334 രൂപ |

സെക്ഷൻ ആഫീസർ